# Matthew 22/41-46

ഇന്ന് പള്ളിക്കൂദാശാക്കാലം 4- ഞായർ. വിശുദ്ധ കുരിശിലെ ബലിയിലൂടെ, സ്വരക്തം വിലയായി നൽകിക്കൊണ്ട് ലോകരക്ഷ സാധിച്ച മിശിഹായെ അവന്റെ മണവാട്ടിയായ സഭ, നിരന്തര സ്തുതികളാലും ആത്മ വിശുദ്ധീകരണത്താലും, നേരിട്ടു ദർശിക്കാനൊരുങ്ങുന്ന കാലഘട്ടമാണ് പള്ളിക്കൂദാശക്കാലം. സഭയുടെ ഈ യുഗാന്ത്യോന്മുഖ ദർശനത്തിന്റെ പൂർണതയാണ് മിശിഹായുടെ രാജത്വത്തിൽ നാം ദർശിക്കുന്നത്. സ്വർഗ്ഗത്തിൽ പിതാവിന്റെ വലതുഭാഗത്തിരിക്കുന്ന, അന്തിമ നാളിൽ മഹിമയോടെ വാനമേഘങ്ങളിൽ ആഗമനാകുന്ന നീതിയുടെ രാജാവിനെയാണ് നാമിന്ന് അനുസ്മരിക്കുന്നത്. ഈ ദിനത്തിന്റെ എല്ലാ അനുഗ്രഹങ്ങളും നേരുന്നു.

ആദിമകാലം മുതലേ മിശിഹായുടെ സഭ സമരസഭയായിരുന്നു. അവൾ എന്നും പോരാടികൊണ്ടേയിരുന്നു. വിശ്വാസം സംരക്ഷിക്കാൻ, പാഷണ്ഡതകളെയും ശീശ്മകളെയും പരാജയപ്പെടുത്താൻ, പ്രതികൂല രാഷ്ട്രീയ സാമൂഹ്യ സാഹചര്യങ്ങളിൽ പിടിച്ചു നിൽക്കാൻ, സർവ്വോപരി കർത്താവിന്റെ തിരുവചനത്തെ മാനവഹൃദയങ്ങളിലേയ്ക്കെത്തിക്കാൻ, സഭയും മാർപ്പാപ്പമാരും നിരന്തരം ലോകത്തെ ഉദ്ബോധിപ്പിച്ചു. "ദൈവത്തിലേയ്ക്ക് മടങ്ങുക, ക്രിസ്തുവിലേയ്ക്ക് മടങ്ങുക". മാനവഹൃദയങ്ങളിൽ അവിടുത്തെ സിംഹാസനം പുതുക്കി സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ 1925-ൽ പതിനൊന്നാം പീയൂസ് പാപ്പാ മിശിഹായുടെ രാജത്വ തിരുനാൾ സ്ഥാപിച്ചു. മിശിഹായുടെ സർവ്വാധിപത്യത്തെ പ്രഘോഷിക്കുന്ന ദിനമാണിത്. ഇവിടെ നാമനുസ്മരിക്കുന്നത് രക്ഷാകര ചരിത്രത്തിലെ ഏതെങ്കിലുമൊരു സംഭവമല്ല, മറിച്ച് ഒരു ആശയമാണ്. എല്ലാ വ്യക്തികളുടെയും കുടുംബങ്ങളുടെയും രാഷ്ട്രങ്ങളുടെയും ലോകം മുഴുവന്റെയുംമേൽ അവിടുത്തേയ്ക്ക് അധികാരമുണ്ടെന്ന വസ്തുതയാണ് നാമിവിടെ അനുസ്മരിക്കുന്നത്.

രാജത്വതിരുന്നാൾ ആഘോഷിക്കുമ്പോൾ ഏതൊരു സാധാരണ വിശ്വാസിയുടെയും ഹൃദയത്തിലുയരാവുന്ന ചില ചോദ്യങ്ങളുണ്ട്. വെറുമൊരു കുറ്റവാളിയെപ്പോലെ കുരിശിലേറിയവൻ എങ്ങനെയാണ് രാജാവാകുക? അവൻ ഏതു രാജ്യമാണ് സ്ഥാപിച്ചത്? അവന്റെ രാജത്വത്തിന്റെ അടിസ്ഥാനമെന്ത്?

അവൻ രാജാവുതന്നെ, സംശയമില്ല. (1) സങ്കീർത്തനങ്ങളിലും പ്രവാചക ഗ്രന്ഥങ്ങളിലും ദൈവത്തെ വിശേഷിപ്പിക്കാൻ ഉപയോഗിച്ചിരുന്ന ഒരു പ്രധാന വിശേഷണം 'രാജാവ്' എന്നായിരുന്നു. ഒരു രാജാവിന്റെ ഏക പുത്രൻ രാജാവാണ് എന്നു പറയുന്നതിൽ യുക്തിഹീനമായി ഒന്നും തന്നെയില്ല.

(2) 110-ാം സങ്കീർത്തനത്തിൽ നാം ഇപ്രകാരം വായിക്കുന്നു, "ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലത്തു ഭാഗത്തിരിക്കുക. കർത്താവ് സിയോനിൽ നിന്ന് നിന്റെ അധികാരത്തിന്റെ ചെങ്കോൽ അയയ്ക്കും" (സങ്കീ 110, 1-2). ഇവിടെ 'വലതുഭാഗത്തിരിക്കുക' എന്നുപറയുന്നത് മിശിഹായ്ക്കു സംലബ്ധമാകുന്ന രാജത്വത്തെക്കുറിച്ചുള്ള പ്രവചനമാണെന്നാണ് വിശുദ്ധ ഗ്രന്ഥവ്യാഖ്യാതാക്കൾ പറയുന്നത്. അധിരത്തിന്റെ ചെങ്കോൽ രാജത്വത്തിന്റെ പ്രതീകവും.

(3) ദൈവരാജ്യം ഭൂമിയിൽ സംസ്ഥാപിക്കുക എന്നതായിരുന്നു അവിടുത്തെ മനുഷ്യാവതാരത്തിന്റെ ലക്ഷ്യം. പിതാവ് ഏല്പിച്ച ഈ ദൗത്യം അവിടുന്ന് ഏറെ വിശ്വസ്തതയോടെ നിറവേറ്റുകയും ചെയ്തു. അപ്പോൾ നമുക്ക് തീർച്ചയായും പറയാനാകും, അവിടുന്ന് സ്ഥാപിച്ച രാജ്യത്തിന്റെ അവകാശി അവിടുന്നു തന്നെ.

(4) ഈശോ ലോകത്തിലേയ്ക്ക് വന്നത് രാജത്വം നേടാൻ തന്നെയായിരുന്നു. തന്റെ സഹനത്തിലൂടെ, കുരിശു മരണത്തിലൂടെ ഐഹികമല്ലാത്ത ആ രാജ്യത്തിലെ രാജപദവി അവൻ നേടി (cf. ഫിലി 2, 8-10; ലൂക്കാ 24, 26).

ഈശോയുടെ രാജത്വത്തിലേയ്ക്ക് വിരൽചൂണ്ടുന്ന വിവിധ പരാമർശങ്ങൾ നമുക്ക് പുതിയ നിയമത്തിലും പഴയ നിയമത്തിലും കാണാം. വാനമേഘത്തിൽ ആഗതനാകുന്ന മനുഷ്യപുത്രനും (ദാനി 7, 13-14) സുസ്ഥിര രാജ്യം അവകാശമാക്കുന്ന ദാവീദിന്റെ പുത്രനും (2സാമു 7, 12-14) പഴയ നിയമത്തിലുള്ള രണ്ട് ഉദാഹരണങ്ങളാണ്. 'കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ് അനുഗ്രഹീതൻ' എന്ന ജനങ്ങളുടെ സാക്ഷ്യവും (ലൂക്കാ 19, 38) നീ 'ഇസ്രായേലിന്റെ രാജാവാണ്' എന്ന നഥാനയേലിന്റെ വാക്കുകളും (യോഹ 1, 49) പുതിയ നിയമ പരാമർശങ്ങൾ. അവിടുത്തെ രാജത്വത്തെ ശത്രുക്കൾപോലും പരോക്ഷമായി അംഗീകരിക്കുന്നതിനാലാവാം മുൾക്കിരീടം ധരിപ്പിച്ച് അവിടുത്തെ പരിഹാസ രാജാവാക്കിയത്.

എന്താണ് മിശിഹായുടെ രാജത്വത്തിന്റെ പ്രത്യേകതകൾ?

(1) മിശിഹായുടെ രാജത്വം സ്വാതന്ത്ര്യം നൽകുന്ന രാജത്വമാണ്. പരമമായ സ്വാതന്ത്ര്യം നമുക്ക് അനേകം രാജാക്കന്മാരെ ചരിത്രത്താളുകളിൽ ദർശിക്കാനാകും, ഏറെ നന്മകൾ ചെയ്തു കടന്നുപോയ രാജാക്കന്മാർ. എന്നാൽ അവരിലാരും തന്നെ തനിക്കെതിരായി ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള സ്വാതന്ത്ര്യം പ്രജകൾക്കു നൽകിയിരുന്നില്ല. എന്നാൽ ദുഷ്ടന്റെയും ശിഷ്ടന്റെയും മേൽ ഒരു പോലെ സൂര്യനെ ഉദിപ്പിക്കുകയും മഴ പെയ്യിക്കുകയും ചെയ്യുന്ന നമ്മുടെ മിശിഹാരാജൻ പാപം ചെയ്യാനുള്ള സ്വാതന്ത്ര്യം പോലും നമുക്ക് തരുന്നുണ്ട്. അനുതപിച്ച് അവിടുത്തെ പക്കലണഞ്ഞാൽ വാരിപ്പുണരുന്ന സ്നേഹമാണ് അവിടുന്ന്.

(2) ശിക്ഷ നൽകുന്നതിനേക്കാൾ ഏറ്റെടുക്കുന്ന രാജത്വം.

കുറ്റം ചെയ്യുന്നവനെ ശിക്ഷിക്കുക എന്നതാണ് രാജധർമ്മം. ഈ ധർമ്മം അനുഷ്ഠിച്ചവരാണ് ചരിത്രഗ്രന്ഥങ്ങളിലെ രാജാക്കന്മാരെല്ലാം. എന്നാൽ നമ്മുടെ രാജൻ പാപഭാരം മുഴുവൻ സ്വയം ഏറ്റെടുക്കുകയും സ്വന്തശരീരത്തിൽ അവയ്ക്ക് പരിഹാരമനുഷ്ഠിക്കുകയും ചെയ്തവനാണ്.

(3) യുദ്ധക്കളത്തിൽ ഒറ്റയ്ക്കു പോരാടുന്ന രാജാവ്.

ശത്രുക്കൾക്കെതിരെ സൈന്യത്തെ അയച്ചിട്ട് രഹസ്യ സങ്കേതത്തിൽ ഒളിച്ചുപാർക്കുന്ന ഭീരുവല്ല, ശത്രുകൾക്കെതിരെ സുസജ്ജമായ സൈന്യത്തോടെ പടനയിക്കുന്ന പോരാളിയുമല്ല, മറിച്ച്്, തള്ളക്കോഴി കുഞ്ഞുങ്ങളെയെന്നപോലെ നമ്മെയോരോരുത്തരെയും തന്റെ സംരക്ഷണയിലാക്കിയിട്ട് ആദിമ ശത്രുവിനോട് ഒറ്റയ്ക്കു പോരാടുന്ന ദൈവപുത്രനാണ് നമ്മുടെ മിശിഹാ രാജൻ.

ഈ രാജാവിന്റെ ഐഹികമല്ലാത്ത രാജ്യത്തിലേയ്ക്കാണ് നാമോരുരുത്തരും ക്ഷണിക്കപ്പെട്ടിരിക്കുന്നത്. അവിടുത്തെ രാജ്യം യാഥാർത്ഥ്യമാക്കാൻ നമുക്കെന്തു ചെയ്യാൻ കഴിയും? ബനഡിക്ട് 16-ാമൻ പാപ്പാ നൽകുന്ന ഉത്തരമിതാണ്.

"സുവിശേഷ സന്ദേശത്തിനനുസൃതമായി നാം സഹോദര സ്നേഹം പ്രാവർത്തികമാക്കുകയാണെങ്കിൽ നാം ദൈവിക ആധിപത്യത്തിന് ഇടം കൊടുക്കുകയാണ്, ദൈവരാജ്യം യാഥാർത്ഥ്യമാക്കുകയാണ്. ഈ ദൈവരാജ്യമെന്നു പറയുന്നത് നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ് (റോമ 14, 17). ഈ കൂട്ടായ്മയിലേയ്ക്ക് കപടനാട്യക്കാർക്ക് പ്രവേശനമില്ല. അവിടുത്തെ വചനങ്ങൾ പ്രാവർത്തികമാക്കാൻ അനുദിനം പരിശ്രമിക്കുന്നവർക്കു മാത്രമേ അവിടെ പ്രവേശനമുള്ളൂ.

റവ. മാത്യു ശൗര്യാംകുഴി